2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ വില സ്ഥിരതാ പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി സ.ഉ. (പി) നമ്പർ 269/2015/ഫിൻ. തീയതി 3-7-2015 പ്രകാരം ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ടി പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു.

(സി) റബ്ബർ ബോർഡിന്റെ 6-2-2016-ന് അവസാനിക്കുന്ന ആഴ്ചയിലെ പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം ആർ.എസ്.എസ്. 4 ഇനത്തിലുള്ള റബ്ബറിന്റെ ആഭ്യന്തര വിപണി വില കിലോയ്ക്ക് 92.25 രൂപയാണ്.

(ഡി) നടപ്പ് വർഷം റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 300 കോടി രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത 300 കോടി രൂപയിൽ 10-2-2016 വരെ 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ ഹാൻഡിലിംഗ് ചാർജ് നൽകുന്നതിനുള്ള ഉത്തരവ് ഇല്ല.

സ.ഉ.(എംഎസ്.)നമ്പർ 56/2014/കൃഷി തീയതി 25-2-2014 പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിച്ചതിനുള്ള ഹാൻഡിലിംഗ് ചാർജ് സംഭരണ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്.

ജൈവകൃഷി വ്യാപനം

185 (1560) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി വ്യാപകമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ജൈവകൃഷി വ്യാപിപ്പിക്കാൻ സ്കൂൾ മുഖാന്തിരം വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ പദ്ധതിയുണ്ടോ; സ്കൂൾ മുഖാന്തിരം കൃഷിവകുപ്പ് പച്ചക്കറി വിത്തുകൾ വിതരണം നടത്തിയിട്ടുണ്ടോ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന സംഘടനകളെ സഹായിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010-11-ൽ ജൈവകൃഷി വ്യാപകമാക്കാൻ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 20 ബ്ലോക്കുകളിൽ ആകെ 900 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. 2011-2012-ൽ 3500 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി വ്യാപിപ്പിച്ചു ജൈവകൃഷി നയത്തിന്റെ ഭാഗമായി ചുവപ്പ്, മഞ്ഞ ലേബലുള്ള മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു. കൂടാതെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 116/2011/കൃഷി തീയതി 7-5-2011 പ്രകാരം 13 രാസകീടനാശിനികൾ കേരളമൊട്ടാകെ നിരോധിക്കുകയുണ്ടായി.

2012-ൽ കാസർഗോഡ് ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും ജൈവകൃഷി വ്യാപനത്തിനായി ആദ്യഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് വിവിധ ഘടകങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ജൈവ കൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാൻ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലനങ്ങൾ, സെമിനാർ, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കർഷകരെ പച്ചക്കറി, വാഴ എന്നിവയുടെ ജൈവകൃഷി രീതികൾ അവലംബിക്കുവാൻ പ്രോത്സാഹനം നൽകി. ഇതിനായി 5.38 കോടി രൂപ ചെലവഴിച്ചു. 2013-14-ൽ ജില്ലയിലെ 41 പഞ്ചായത്തുകളിലും ജൈവകൃഷി വ്യാപിപ്പിച്ചു. 12000 റ്റൺ കമ്പോസ്റ്റ് യൂണിറ്റുകളും 423 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും 287 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 5 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിച്ചു 2014-15 വർഷം 256.50 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ചെലവാക്കിയിട്ടുണ്ട്. 2015-16-ൽ മേൽപ്പറഞ്ഞ ഘടകങ്ങൾക്കുപുറമേ പി.ജി.എസ്. പ്രകാരമുള്ള ജൈവ സാക്ഷ്യപത്രത്തിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പി.ജി.എസ്. പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷനുള്ള അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതിൻപ്രകാരം കാസർഗോഡ് ജില്ലയിലെ 3000 ഹെക്ടർ പ്രദേശത്ത് പി.ജി.എസ്. സാക്ഷ്യപത്രത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ജൈവകൃഷി വ്യാപകമാക്കുവാൻ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പദ്ധതി പ്രകാരം വീട്ടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി നഗരപ്രദേശങ്ങളിലെ വിട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 'ഹരിതനഗരി' പദ്ധതി എന്നീ പദ്ധതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരള കൃഷി വകുപ്പ് 2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി 55 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ സ്കൂൾ വിദ്യാർത്ഥികളും വീട്ടമ്മമാരും മുഖേന നൽകിയിട്ടുണ്ട്. ജൈവ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും കൈപുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷി ഭവനുകൾ എന്നിവ മുഖേന നൽകി. ആവശ്യമായ പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. കേരളത്തിലെ 3825 വിദ്യാലയങ്ങളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സൗജന്യമായി നൽകിയിട്ടുണ്ട്.

(സി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം,പച്ചക്കറികൾ തുടങ്ങിയവ കൃഷി വകുപ്പ് പച്ചക്കറി വികസന പദ്ധതിയനുസരിച്ച് രൂപം നൽകിയ ബ്ലോക്കുതല കർഷക വിപണന സ്ഥാപനങ്ങൾ, (BLFO's) ഇക്കോഷോപ്പുകൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ, കർഷക ക്ലസ്റ്ററുകൾ, കർഷക സ്വാശ്രയ വിപണികൾ, പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് തുടങ്ങിയ വിപണന ശൃംഖല മുഖേന വിപണിയിൽ ലഭ്യമാക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ 5 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. കാസർഗോഡ് ജില്ല ഒഴികെയുള്ള 13 ജില്ലകളിലെ 65 തെരഞ്ഞെടുത്ത ബ്ലോക്കുകളിലും കൂടി ഇക്കോഷോപ്പുകൾ സജ്ജമാക്കി വരുന്നു. ഓരോ ഇക്കോഷോപ്പും പ്രാവർത്തികമാക്കാൻ 5 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇക്കോഷോപ്പുകൾ വിവിധ സംഘടനകൾ വഴിയാണ് നടപ്പിലാക്കുന്നത്.

നാളികേര വിലയിടിവ്

186 (1561) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വിലയിടിവ്മൂലം കേര കർഷകർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly